Draft #2 of File 126648/AC A6-2/2025/AC A 6 Approved by ASSISTANT REGISTRAR IV (ACADEMIC) on 19-Mar-2026 02:23 PM - Page 1

**മഹാത്മാഗാന്ധി സർവകലാശാല, കേരളം**

**സംഗ്രഹം**

സർവകലാശാല ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പ് (UJRF) 2025-2026 -ന് അപേക്ഷ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് അനുമതി നൽകിയും സർവകലാശാലയിൽ നിന്നും UJRF ലഭിക്കുന്ന വിദ്യാർഥികൾ പബ്ലിഷ് ചെയ്യുന്ന അക്കാദമിക് പേപ്പറുകളിലെ Acknowledgement-ൽ സർവകലാശാലയുടെ പേര് ഉൾപ്പെടുത്തണമെന്ന നിർദ്ദേശം നൽകിയും സിൻഡിക്കേറ്റ് തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**അക്കാദമിക് എ 6 സെക്ഷൻ**

നമ്പർ. 2992/AC A 6/2026/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 19.03.2026

---

*പരാമർശം:*-26.02.2026 തീയതിയിലെ സിൻഡിക്കേറ്റ് യോഗ മിനിറ്റ്സ് ഇനം നമ്പർ: OA 23/26.01/126648/AC A6-2/2025

**ഉത്തരവ്**

2025-26 വർഷത്തെ സർവകലാശാല ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പിന് അപേക്ഷ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച് തീരുമാനം എടുക്കുന്നതിനായി വൈസ് ചാൻസലറുടെ 13.01.2026-ലെ ഉത്തരവിൻ പ്രകാരം സിൻഡിക്കേറ്റ് മുമ്പാകെ ഫയൽ സമർപ്പിച്ചിരുന്നു. 26.02.2026-ൽ കൂടിയ സിൻഡിക്കേറ്റ് യോഗം മേൽ പരാമർശ പ്രകാരം താഴെ പറയും വിധം തീരുമാനിച്ചു.

"മഹാത്മാഗാന്ധി സർവ്വകലാശാലയുടെ പഠന വകുപ്പുകളിലും, ഓട്ടോണമസ് കോളേജുകളിലെ ഒഴികെയുള്ള സർവ്വകലാശാലയുടെ അംഗീകൃത ഗവേഷണ കേന്ദ്രങ്ങളിലും പി.എച്ച്.ഡി ഗവേഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന 2023, 2024 അഡ്മിഷൻ ഗവേഷകരിൽ നിന്നും 2025-26 വർഷത്തേക്കുള്ള സർവ്വകലാശാല ജൂനിയർ റിസർച്ച് ഫെലോഷിപ്പിനുള്ള അപേക്ഷ ക്ഷണിക്കുന്നതിന് തീരുമാനിച്ചു. ഫെലോഷിപ്പ് തുക 15,000/- രൂപയായി വർദ്ധിപ്പിക്കുന്നതിനും, പ്രായപരിധി മുതലായവ മുൻ വർഷത്തേതു പോലെ നിലനിർത്തുന്നതിനും, മുൻ സാമ്പത്തിക വർഷം പാസാക്കി നൽകുവാൻ സാധിക്കാത്ത ബില്ലുകളും, മുൻ വർഷങ്ങളിൽ അനുമതി നൽകിയ ഗവേഷകരുടെ മൂന്നാം വർഷം നൽകേണ്ട UJRF തുകയും നൽകിയതിനു ശേഷം നടപ്പു സാമ്പത്തിക വർഷത്തെ പ്ലാൻ പദ്ധതിയിലെ "Promotion of Research : Fellowship and Others for Research Students" എന്ന ശീർഷകത്തിൽ മിച്ചം വരുന്ന തുക 2025-26 വർഷത്തേക്കുള്ള UJRF നൽകുന്നതിനായി വിനിയോഗിക്കുന്നതിനും, ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ പരിഗണിച്ച് 2025-26 വർഷത്തേക്ക് പുതുതായി എത്ര എണ്ണം ഫെലോഷിപ്പുകൾ അനുവദിക്കണമെന്ന് തീരുമാനിക്കുന്നതിന് വൈസ് ചാൻസലറെ ചുമതലപ്പെടുത്തുന്നതിനും സർവ്വകലാശാല പഠന വകുപ്പുകളിലെ ഗവേഷണ കേന്ദ്രങ്ങളിലെ ഗവേഷകർക്ക്

ഫെലോഷിപ്പിന് മുൻഗണന നൽകുന്നതിനും തീരുമാനിച്ചു. കൂടാതെ സർവകലാശാലയിൽ നിന്നും UJRF ലഭിക്കുന്ന വിദ്യാർഥികൾ അവർ പബ്ലിഷ് ചെയ്യുന്ന അക്കാദമിക് പേപ്പറുകളിലെ Acknowledgement-ൽ സർവ്വകലാശാലയുടെ പേരു കൂടി അഫിലിയേറ്റഡ് യൂണിവേഴ്സിറ്റിയായി ഉൾപ്പെടുത്തണമെന്ന നിർദ്ദേശം നൽകുന്നതിനും തീരുമാനിച്ചു."

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

മിനിമോൾ കെ സക്കറിയാസ്

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. എല്ലാ ഗവേഷണ കേന്ദ്രങ്ങൾക്കും
2. വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാർ,ഫിനാൻസ് ഓഫീസർ എന്നിവരുടെ പി. എ മാർ
4. ഡയറക്ടർ ഓഫ് റിസർച്ച്
5. ജെ.ആർ II (അഡ്മിൻ)/ ഡി.ആർ I / എ.ആർ IV (അക്കാദമിക്)
6. ജെ.ആർ/ഡി.ആർ I /എ.ആർ II (ഫിനാൻസ്)
7. എ സി. എ II/X/XI/XIII/XIV/XIV സെക്ഷനുകൾ
8. ഓഡിറ്റ് V, ജനറൽ ക്യാഷ് സെക്ഷനുകൾ
9. പി. ആർ. ഒ/ജനറൽ എൻക്വയറി/ഐ.ക്യു.എ.സി
10. എ. സി. സി I സെക്ഷൻ (Action Taken Report)
11. ജോയിന്റ് ഡയറക്ടർ, KSAD
12. സർവകലാശാലാ വെബ്സൈറ്റ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #2 of File 126648/AC A6-2/2025/AC A 6 Approved by ASSISTANT REGISTRAR IV (ACADEMIC) on 19-Mar-2026 02:23 PM - Page 2

The document is digitally approved. Hence signature is not needed.